I ഇ.ബി. XIV - കേരള നിയമസഭ/II-22

**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2016 നവംബർ 3, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I ശ്രദ്ധ ക്ഷണിക്കൽ**

(1) റേഷൻ മുൻഗണനാപ്പട്ടികയിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഉൾപ്പെടുത്തൽ

ശ്രീ. കെ. ദാസൻ: കേരളത്തിലെ പതിനൊന്നര ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ നിയതമായ വരുമാനമില്ലാതെ മത്സ്യലഭ്യതയെ മാത്രം ആശ്രയിച്ച് കഴിയുന്നവരാണ്. മത്സ്യലഭ്യതയുടെ കുറവും അനിയന്ത്രിതമായ

മത്സ്യബന്ധനവും പരമ്പരാഗത മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുകയാണ്. ആദിവാസി മേഖലയിലെപോലെ സാമ്പത്തിക-സാമൂഹിക-വിദ്യാഭ്യാസ മേഖലകളിൽ ഇവരും പിന്നിലാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കപ്പെട്ടതിനാൽ ഭൂരിപക്ഷം മത്സ്യത്തൊഴിലാളികളും എ.പി.എൽ റേഷൻകാർഡ് ഉടമകളാവുകയും സൗജന്യ ചികിത്സയും വിവിധ ക്ഷേമ പദ്ധതികളും അവർക്ക് നിഷേധിക്കപ്പെടുകയും കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഉയർന്ന ഫീസ് നൽകേണ്ടി വരികയും സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കൾ ലഭിക്കാതെ പോകുകയും ചെയ്യുന്നു. അതിനാൽ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും അനുബന്ധ തൊഴിലാളി കുടുംബങ്ങളെയും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം പ്രകാരം മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖയിലെ ക്ലേശ ഘടകങ്ങളിൽ മാറ്റംവരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ച് എ.പി.എൽ./ബി.പി.എൽ. റേഷൻ കാർഡുകൾക്ക് പകരം മുൻഗണനാ/മുൻഗണനേതര കാർഡുകൾ നിലവിൽ വരും. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, ഒരേക്കറിന് മുകളിൽ സ്വന്തമായി

ഭൂമിയുള്ളവർ, ആയിരം ചതുരശ്ര അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള വീടോ ഫ്ലാറ്റോ ഉള്ളവർ, നാലുചക്ര വാഹനമുള്ളവർ ഇവരെ മുൻഗണനാപ്പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുകയും പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് 4 തസ്തികവരെയുള്ള ജീവനക്കാർ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുന്നതുമാണ്. സംസ്ഥാനതല റാങ്കിംഗ് വഴി മുൻഗണനാ ആനുകൂല്യത്തിന് അർഹരായവരെ കണ്ടെത്തിയതിനാൽ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുന്നതാണ്. പരാതികൾ പരിഹരിച്ച് കുറ്റമറ്റരീതിയിൽ മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നതിന് വിവിധ മാധ്യമങ്ങളും സർക്കാർ സ്ഥാപനങ്ങളും വഴി ആവശ്യമായ അറിയിപ്പ് ജനങ്ങൾക്ക് നൽകുന്നുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള കരട് പട്ടികയിന്മേലുള്ള പരാതികളിൽ വെരിഫിക്കേഷൻ കമ്മിറ്റി തെളിവെടുപ്പ് നടത്തി അവകാശവാദങ്ങളുടെ രേഖകൾ പരിശോധിച്ച് പട്ടികയിൽ മാറ്റം വരുത്തുന്നതാണ്. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ പരാതിയുണ്ടെങ്കിൽ അപ്പലേറ്റ് കമ്മിറ്റിയെ സമീപിക്കാവുന്നതും കമ്മിറ്റിയുടെ തീരുമാന പ്രകാരം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖയിൽ മാറ്റംവരുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

(2) <u>ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്വകാര്യവത്കരണം</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഒരു ലക്ഷം ടൺ ഉത്പാദനശേഷിയുള്ള വെള്ളൂർ എച്ച്.എൻ.എൽ-ൽ പ്രാഥമിക മുതൽമുടക്കിനുശേഷം വൈവിധ്യവത്കരണത്തിനോ പുനരുദ്ധാരണത്തിനോ കേന്ദ്രസഹായം ലഭിച്ചിട്ടില്ല. പ്രത്യക്ഷമായും പരോക്ഷമായും പതിനായിരത്തിലധികം ആളുകൾ ഈ കമ്പനിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ ഇറക്കുമതി നയം കാരണം ഒന്നോ രണ്ടോ വർഷമൊഴികെ എല്ലാ വർഷവും ലാഭത്തിൽ പ്രവർത്തിക്കുന്ന വെള്ളൂർ എച്ച്.എൻ.എൽ-നെ സ്വകാര്യവത്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ മുഖ്യമന്ത്രിയും സംസ്ഥാന സർക്കാരും ഇടപെടണം. സംസ്ഥാന എം.പി.മാരുടെ യോഗം വിളിച്ച് ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ സഭയ്ക്ക് ഏക അഭിപ്രായമാണുള്ളത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന്റെ അനുബന്ധ കമ്പനിയായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് അന്താരാഷ്ട്ര മാർക്കറ്റിൽ ഗുണനിലവാരമുള്ള ന്യൂസ് പ്രിന്റ് വിപണനം ചെയ്യുന്നതും മിനിരത്ന വ്യവസായങ്ങളുടെ പട്ടികയിൽപ്പെടുന്നതുമായ സ്ഥാപനമാണ്.

ഒരു ലക്ഷം ടൺ ഉത്പാദനശേഷിയുള്ള ഈ കമ്പനിയുടെ ടേൺ ഓവർ 350 കോടിയിലേറെ രൂപയാണ്. 117 കോടി രൂപ ഡിവിഡന്റ് ഇനത്തിൽ ഈ കമ്പനി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. വൻതോതിലുള്ള ന്യൂസ് പ്രിന്റിന്റെ ഇറക്കുമതിയും വർദ്ധിച്ച നിർമ്മാണച്ചെലവും മെഷിനറിയുടെയും പ്ലാന്റിന്റെയും നവീകരണത്തിന്റെ അഭാവവും സമീപകാലത്ത് കമ്പനി നേരിടുന്ന പ്രതിസന്ധികളാണ്. നവീകരണത്തിനും ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിനുമായി 450 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. എച്ച്. എൻ.എൽ.-നെ മാതൃസ്ഥാപനത്തിൽ നിന്നും വേർപെടുത്തി കേന്ദ്ര സർക്കാരിന്റെ ഖനി വ്യവസായത്തിനുകീഴിലുള്ള സ്വതന്ത്ര സ്ഥാപനമായി നിലനിർത്തണമെന്നും കടബാധ്യത തീർക്കാൻ 100 കോടി രൂപയുടെ ഗ്രാന്റോ വായ്പയോ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എച്ച്.എൻ.എൽ-നെ സ്വകാര്യവത്കരിക്കുന്ന ഓഹരി വിറ്റഴിക്കൽ നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറണമെന്നും ഈ സ്ഥാപനത്തെ സംരക്ഷിച്ച് പൊതുമേഖലയിൽ നിലനിർത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കേരളത്തിലെ എം.പി. മാരുടെ യോഗത്തിൽ സംസ്ഥാനത്തെ പൊതുവായ പ്രശ്നങ്ങൾ കേന്ദ്രത്തിനുമുന്നിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സാങ്കേതിക കാരണങ്ങളാൽ രാവിലെ 9.44-ന് സഭ നിർത്തിവച്ചു)

(നിർത്തിവച്ച സഭ 10.24-ന് പുനരാരംഭിച്ചു)

## II സബ്മിഷൻ

(1) പരിസ്ഥിതി ആഘാത പഠനാനുമതി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ശിരുവാണി പുഴയ്ക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനാനുമതി തമിഴ്നാടിന്റെ എതിർപ്പുമൂലം കേന്ദ്രസർക്കാർ മരവിപ്പിക്കാൻ പോകുന്നു എന്ന് അറിയാൻ സാധിച്ചു. അട്ടപ്പാടിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിനും വരൾച്ചയ്ക്കും പരിഹാരമെന്ന നിലയിലാണ് ഈ പദ്ധതി കൊണ്ടുവന്നത്. ശിരുവാണി പുഴയിൽ കേരളം അണകെട്ടിയാൽ ഭവാനി പുഴയിലേയ്ക്കുള്ള ഒഴുക്ക് കുറയുമെന്നും കോയമ്പത്തൂർ-ഈറോഡ്-തിരുപ്പൂർ എന്നിവിടങ്ങളിൽ ജലക്ഷാമമുണ്ടാകുമെന്നുമുള്ള തമിഴ്നാടിന്റെയും കേന്ദ്ര സർക്കാരിന്റെയും ആശങ്ക അസ്ഥാനത്താണ്. കേന്ദ്ര സർക്കാരും തമിഴ്നാട് സർക്കാരും ചേർന്ന് കേരളത്തിന്റെ താൽപ്പര്യങ്ങൾ ഹനിക്കുന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പരിസ്ഥിതി ആഘാത പഠനം നടത്താനുള്ള അനുവാദം ലഭിച്ചതിനുശേഷം അത് മരവിപ്പിക്കുന്ന തീരുമാനം കേരളത്തോടുള്ള കേന്ദ്ര സർക്കാരിന്റെ അവഗണനയായിട്ടുവേണം കരുതാൻ. പ്രഥമ പരിഗണന

നൽകി അണക്കെട്ട് നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: പ്രസ്തുത അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനാനുമതി നിഷേധിച്ച കേന്ദ്ര നിലപാടിനെതിരെ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): അഗളി, ഷോളയൂർ, കോട്ടത്തറ മേഖലയിലെ 4900 ഹെക്ടർ കൃഷി ഭൂമിക്ക് ജലസേചന സൗകര്യം ലഭ്യമാക്കുക എന്നതാണ് അട്ടപ്പാടിവാലി ജലസേചന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 1969-ൽ തമിഴ്നാടിന്റെയും കേരളത്തിന്റെയും മുഖ്യമന്ത്രിമാരുടെ യോഗം ചേർന്ന് കോയമ്പത്തൂർ കുടിവെള്ള പദ്ധതിക്കായി കേരളത്തിൽ ശിരുവാണിപ്പുഴയ്ക്ക് കുറുകെ ഒരു അണക്കെട്ട് നിർമ്മിക്കാൻ ധാരണയായതിനെത്തുടർന്ന് 1970-ൽ പര്യവേഷണ പ്രവൃത്തികൾ ആരംഭിക്കുകയും 1973-ൽ കരാർ ഒപ്പിടുകയും ചെയ്തു. എന്നാൽ 02-06-1990-ൽ കാവേരി ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അംഗീകാരം നൽകാമെന്ന് കേന്ദ്ര ജലകമ്മീഷൻ അറിയിച്ചെങ്കിലും അതു കാത്തുനിൽക്കാതെ കർണ്ണാടകവും തമിഴ്നാടും പദ്ധതികളുമായി മുന്നോട്ടുപോകുകയാണുണ്ടായത്. ഇതിനെത്തുടർന്ന് 2000-ൽ ഈ പദ്ധതി പുനരാരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ശിരുവാണി പദ്ധതി പ്രദേശം തമിഴ്നാട് സംസ്ഥാന അതിർത്തിയിൽ നിന്നും 10 കിലോമീറ്റർ ഉള്ളിലായതിനാൽ

തമിഴ്നാട് സർക്കാരിന്റെ അഭിപ്രായം ആരായാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി നിർദ്ദേശിച്ചു. ഇതിനായി സംസ്ഥാന സർക്കാർ 04-05-2016-ൽ തമിഴ്നാടിന് കത്തയച്ചെങ്കിലും മറുപടിയൊന്നും ലഭിച്ചിരുന്നില്ല. പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിക്കുന്നതിനായി എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി ശിപാർശ ചെയ്തതുപ്രകാരം പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം 2016 സെപ്തംബറിൽ ആരംഭിച്ചു. എന്നാൽ തമിഴ്നാട് സർക്കാർ പ്രധാനമന്ത്രിക്ക് 27.8.2016-ന് കത്തയച്ചതിനെത്തുടർന്ന് പരിസ്ഥിതി ആഘാത പഠനത്തിന് അനുമതി നൽകുന്ന കാര്യം നിർത്തിവയ്ക്കാൻ തീരുമാനിച്ചതായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കേരളത്തെ അറിയിച്ചിരിക്കുകയാണ്. പ്രസ്തുത പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ച് കിട്ടിയില്ലെങ്കിൽ പഠനം നടത്താൻ സാധിക്കില്ല. പാരിസ്ഥിതികാനുമതിയും വനം വകുപ്പിന്റെ അനുമതിയും ബന്ധപ്പെട്ട് കിടക്കുന്നതിനാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് കാലതാമസം നേരിടും. ജലദൗർലഭ്യം നേരിടുന്ന കാർഷിക മേഖലയായ അട്ടപ്പാടിക്ക് കുടിവെള്ളത്തിനും ജലസേചനത്തിനും ഈ പദ്ധതിയുടെ പൂർത്തീകരണം തികച്ചും അനിവാര്യമാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകാനും അതിലേയ്ക്കായി

തമിഴ്നാട് സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പിൻതുണ നേടിയെടുക്കാനുമുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

## (2) പരിസ്ഥിതി മലിനീകരണം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഇരുമ്പുരുക്ക് കമ്പനികളും മലമ്പുഴ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് പ്രവർത്തിച്ചുവരുന്ന ഐ.എം.എ.-യുടെ കീഴിലുള്ള 'ഇമേജ്' എന്ന സ്ഥാപനത്തിന്റെ മാലിന്യസംസ്കരണ യൂണിറ്റുമുണ്ടാക്കുന്ന ഗുരുതരമായ പാരിസ്ഥിതിക - ആരോഗ്യപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പുതുശ്ശേരി പഞ്ചായത്തിലെ കഞ്ചിക്കോട് പ്രദേശത്തെ 36 ഇരുമ്പുരുക്ക് വ്യവസായസ്ഥാപനങ്ങൾ സന്ദർശിച്ചശേഷം മലിനീകരണ നിയന്ത്രണ ബോർഡ് സമർപ്പിച്ച റിപ്പോർട്ടിൽ ഈ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങളിൽ ചിലതിന് ഭേദഗതി ആവശ്യമാണെന്ന് കാണുകയും ഭേദഗതി ചെയ്യുന്നതിനായി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കമ്പനികളിലെ മലിനീകരണം നിരീക്ഷിക്കുന്നതിനും തുടർ നടപടികൾക്കുമായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയം 24 മണിക്കൂറും കർമ്മനിരതമാണ്.

ആശുപത്രി മാലിന്യം സംസ്കരണത്തിനായി 'ഇമേജ്' എന്ന പേരിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതുസംവിധാനം മാത്രമാണ് സംസ്ഥാനത്തിനുള്ളത്. ഇമേജിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള തരംതിരിച്ച ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് ദിനംപ്രതി പ്ലാന്റിൽ എത്തിച്ച് സംസ്കരിക്കുകയാണ് ചെയ്യുന്നത്. മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ ബോർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാര പരിധിക്കുള്ളിലാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇമേജിൽ നിന്നുള്ള മലിനീകരണം സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മലിനീകരണ സംവിധാനങ്ങൾ വീണ്ടും പരിശോധിക്കുകയും സംസ്കരിച്ച മലിനജലം, പൊടി കലർന്ന മഴവെള്ളം എന്നിവ പാടങ്ങളിലും തോടുകളിലും എത്താതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനംമൂലം പരിസര പ്രദേശങ്ങളിലെ ജനങ്ങൾക്കോ മൃഗാദികൾക്കോ ബുദ്ധിമുട്ടുണ്ടാകാതിരിക്കാനുള്ള നിയന്ത്രണങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പുവരുത്തിയിട്ടുണ്ട്. ഇമേജിൽ നിന്നുള്ള ജലം മലമ്പുഴ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് എത്തിച്ചേരുന്നുണ്ടോ എന്നത് സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് വിശദമായ പഠനം നടത്തി തുടർ നടപടികൾ

സ്വീകരിക്കുന്നതാണ്.

(3) പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. കെ. എം. മാണി : പാലാ മണ്ഡലത്തിലെ രാമപുരം പഞ്ചായത്തിൽ കുറിഞ്ഞി-കോട്ടമല പാറമടയിൽ നടക്കുന്ന ഖനനം അടിയന്തരമായി നിർത്തിവയ്ക്കാനും പ്രതിഷേധ സമരം നടത്തിയതിന്റെ പേരിൽ പ്രസ്തുത പ്രദേശത്തെ ജനപ്രതിനിധികൾക്കും നാട്ടുകാർക്കുമെതിരെ എടുത്തിട്ടുള്ള കേസ്സുകൾ പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : കോട്ടയം മീനച്ചിൽ താലൂക്കിലെ രാമപുരം പഞ്ചായത്ത് ഉൾപ്പെടുന്ന സ്വകാര്യ ഭൂമിയിൽനിന്നും കരിങ്കൽ ഖനനം ചെയ്യുന്നതിന് 12 വർഷത്തേയ്ക്ക് പാരിസ്ഥിതികാനുമതിയുടെ അടിസ്ഥാനത്തിൽ 2013-ൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽനിന്നും ക്വാറി ഉടമയ്ക്ക് ചട്ടപ്രകാരം ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നു. എന്നാൽ dangerous and offensive ലൈസൻസ് പഞ്ചായത്ത് അനുവദിക്കാത്തതിനാൽ സുപ്രീംകോടതിയെ സമീപിക്കുകയും സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രാമപുരം പഞ്ചായത്ത് പ്രസ്തുത ലൈസൻസ് നൽകുകയുമുണ്ടായി. നാട്ടുകാർ പരാതി ഉന്നയിച്ച സാഹചര്യത്തിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശത്തെത്തുടർന്ന് ജില്ലാ

കളക്ടർ ക്വാറിയുടെ പ്രവർത്തനം നിരോധിക്കുകയുണ്ടായി. ക്വാറി പ്രവർത്തനം ആരംഭിക്കുന്നതിനെതിരെയുള്ള തദ്ദേശവാസികളുടെ പ്രതിഷേധത്തിനിടയിൽ ഔദ്യോഗികാവശ്യത്തിനായി രാമപുരം വില്ലേജാഫീസിലെത്തിയ പാലാ ആർ.ഡി.ഒ.-യെ തടഞ്ഞുവച്ചതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ മുപ്പതോളം പേരെ പ്രതിയാക്കി രാമപുരം പോലീസ് കേസ് രജിസ്റ്റർ ചെയ്തെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിരുന്നില്ല. കേസ്സിലെ പ്രതികളായ 25 പേർ പാലാ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സ്വയം ഹാജരായതിന്റെ അടിസ്ഥാനത്തിൽ കോടതി അവരെ റിമാന്റ് ചെയ്യുകയും ഉപാധികളോടെ ജാമ്യം അനുവദിച്ച് പിറ്റേ ദിവസം വിട്ടയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## (4) ശിവഗിരി തീർത്ഥാടനം

ശ്രീ. വി. ജോയി : ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള തുക വർദ്ധിപ്പിച്ചുനൽകാനും നാഷണൽ ഹൈവേയിൽനിന്ന് ശിവഗിരിയിലേയ്ക്ക് പ്രവേശിക്കുന്ന കല്ലമ്പലത്തും പാരിപ്പള്ളിയിലും പ്രവേശന കവാടങ്ങൾ നിർമ്മിക്കാനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വർക്കല ശിവഗിരി തീർത്ഥാടനവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് സാംസ്കാരിക വകുപ്പിൽനിന്നും ഈ

സാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷാ സംവിധാനമേർപ്പെടുത്തുന്നതാണ്. പോലീസ്, അഗ്നിശമനസേന, ആംബുലൻസ് എന്നീ സംവിധാനങ്ങളുൾപ്പെട്ട കൺട്രോൾ റൂം ശിവഗിരിയിലും വർക്കല റെയിൽവേ സ്റ്റേഷനിലും ഏർപ്പെടുത്തുന്നതും ഗതാഗത നിയന്ത്രണത്തിന് കൂടുതൽ ട്രാഫിക് പോലീസ്, എൻ.സി.സി., സ്റ്റുഡന്റ് പോലീസ് എന്നിവരെ നിയോഗിക്കുന്നതും തീർത്ഥാടകർക്ക് വൈദ്യസഹായം ലഭിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതുമാണ്. പ്ലാസ്റ്റിക് ഉപയോഗം കുറച്ച് മാലിന്യം അതാത് സമയത്തുതന്നെ നീക്കംചെയ്യുന്നതിനുള്ള വാഹന സൗകര്യം ഏർപ്പെടുത്തുന്നതാണ്. സാംസ്കാരിക-വ്യവസായ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ സാംസ്കാരികോത്സവവും കരകൗശല-കൈത്തറി മേളകളും സംഘടിപ്പിക്കും. ശ്രീനാരായണ ഗുരുവിന്റെ ജീവിതവും ജീവിതദർശനങ്ങളും കേരള നവോത്ഥാനവുമായി ബന്ധപ്പെടുത്തി സഞ്ചരിക്കുന്ന ചലച്ചിത്ര പ്രദർശനങ്ങൾ നടത്തുന്നതും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ സജ്ജീകരണങ്ങൾ സ്ഥാപിക്കുന്നതുമാണ്.

(5) <u>ത്വക്ക് രോഗം പടരുന്നത് സംബന്ധിച്ച്</u>

ശ്രീ. പി. സി. ജോർജ് : മൂഴിക്കൽ ആദിവാസി ഊരുകളിൽ ത്വക്ക് രോഗം ബാധിച്ചവരെ ചികിത്സിക്കാനും രോഗം പടരുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പീരുമേട് നിയമസഭാ മണ്ഡലത്തിൽപ്പെടുന്ന പെരുവന്താനം പഞ്ചായത്തിൽ ഉൾപ്പെടുന്ന മൂഴിക്കൽ ആദിവാസി കോളനിയിൽ ആറ് പേർക്കാണ് ത്വക്ക് രോഗം ബാധിച്ചിട്ടുള്ളത്. രോഗബാധിതരായവരെ ആരോഗ്യ പ്രവർത്തകർ കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിലെത്തിച്ച് ചികിത്സ ലഭ്യമാക്കിയശേഷം വീടുകളിൽ തിരികെയെത്തിച്ചിട്ടുണ്ട്. രോഗം നിയന്ത്രണവിധേയവും രോഗികളുടെ ആരോഗ്യനില തൃപ്തികരവുമാണ്. ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി രോഗ പരിചരണവും ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. രോഗം പടർന്നുപിടിക്കാതിരിക്കാനായി വ്യക്തി ശുചിത്വത്തെപ്പറ്റി കോളനി നിവാസികളെ ബോധവൽക്കരിക്കുന്നതോടൊപ്പം ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രത്യേക ഇടപെടലും നടത്തുന്നതാണ്. വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന ക്യാമ്പ് സംഘടിപ്പിച്ച് തുടർ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) കുടിവെള്ള പദ്ധതി

ശ്രീ. മുരളി പെരുനെല്ലി: മണലൂർ മണ്ഡലത്തിലെ കണ്ണോത്ത്, കാരമുക്ക് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്ത് രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): 2002-ൽ ആരംഭിച്ച വെങ്കിടങ്ങ്, മണലൂർ പദ്ധതിയുടെ ഭൂരിപക്ഷം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഈ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഒളരി പമ്പ് ഹൗസിന് എച്ച്.ടി. കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പമ്പിംഗ് മെയിനിന്റെ ട്രയൽ റൺ ഫലപ്രദമായാൽ ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(7) രാസമാലിന്യങ്ങൾ കിണറുകളിൽ കലരുന്നത് സംബന്ധിച്ച്

ശ്രീമതി ഗീതാ ഗോപി : നാട്ടിക മണ്ഡലത്തിലെ ചെറുവത്തേരി പ്രദേശത്തെ സ്വർണ്ണാഭരണ നിർമ്മാണ ശാലയിൽനിന്നുള്ള രാസമാലിന്യങ്ങൾ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ കലർന്ന് വെള്ളം ഉപയോഗശൂന്യമായിരിക്കുന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പരിസരവാസികളിൽ അസ്വാഭാവിക ആരോഗ്യസ്ഥിതി തെളിയിക്കുന്ന ചികിത്സാ രേഖകൾ

ലഭ്യമായിട്ടില്ലെന്നാണ് സ്വർണ്ണാഭരണ നിർമ്മാണ ശാലയ്ക്കെതിരെ ലഭിച്ച പരാതിയിന്മേൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വെള്ളം ഉപയോഗപ്രദമല്ലെന്നും കൂടുതൽ വിദഗ്ധ പരിശോധന ആവശ്യമാണെന്നും ആരോഗ്യ വകുപ്പും ആസിഡ്, ഇലക്ട്രോ പ്ലേറ്റിംഗ് എന്നിവ ഉപയോഗിച്ചുള്ള പ്രോസസ് സ്ഥാപനത്തിൽ നടത്തുന്നതായി കാണപ്പെടുന്നില്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുവത്തേരി പ്രദേശത്തെ കിണറുകളിലെ വെള്ളം കുടിക്കാൻ യോഗ്യമല്ലെന്ന വിവരം വാട്ടർ അതോറിറ്റിയെ അറിയിച്ചതിനെത്തുടർന്ന് പത്ത് പൊതു ടാപ്പുകൾകൂടി സ്ഥാപിച്ച് ഒന്നിടവിട്ട ദിവസങ്ങളിൽ ജലവിതരണം നടത്തിവരുന്നുണ്ട്. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശോധനയിൽ രാസമാലിന്യങ്ങൾ ഉള്ളതായി കാണപ്പെട്ടില്ല. പ്രസ്തുത പ്രദേശത്തെ ജല മലിനീകരണത്തിന്റെ അടിസ്ഥാനപരമായ വസ്തുതകൾ പഠിക്കുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് തൃശ്ശൂർ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (8) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി. കെ. ശശീന്ദ്രൻ: വയനാട് ജില്ലയിലെ ഫാത്തിമ ഫാംസ് ചെമ്പ്രാ പീക്ക്, ഹാരിസൺ മലയാളം പ്ലാന്റേഷൻ, എൽസ്റ്റൺ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ പണിയെടുക്കുന്ന തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): വയനാട് ജില്ലയിലെ ഫാത്തിമ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ് ചെമ്പ്രാ പീക്ക് എസ്റ്റേറ്റ് കടുത്ത സാമ്പത്തിക പ്രതിസന്ധിയും തോട്ടം മേഖലയിലെ പ്രതികൂല സാഹചര്യവുംമൂലം ലോക്കൗട്ട് ചെയ്യാൻ തീരുമാനിച്ചതായി വയനാട് ജില്ലാ ലേബർ ഓഫീസിൽനിന്നും അറിയിപ്പ് ലഭിച്ച പ്രകാരം തൊഴിലുടമ-തൊഴിലാളി പ്രതിനിധികളുടെ അനുരഞ്ജനയോഗം നടത്താൻ തീരുമാനിച്ചെങ്കിലും യോഗത്തിൽ തൊഴിലുടമ പ്രതിനിധികൾ ഹാജരാകാത്ത സ്ഥിതിയാണുള്ളത്. തൊഴിലാളികളുടെ വേതനം, കുടിശ്ശിക, ബോണസ്, ഗ്രാറ്റുവിറ്റി എന്നിവയ്ക്ക് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം തുടരുകയാണ്. എൽസ്റ്റൺ എസ്റ്റേറ്റിൽ കല്പറ്റ പ്ലാന്റേഷൻ ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും തൊഴിലുടമയ്ക്കെതിരെ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റിലെ ബോണസ് വിഷയവുമായി ബന്ധപ്പെട്ട് 15.11.2001-ന് മുമ്പായി തൊഴിലാളികൾക്ക് കുടിശ്ശിക നൽകുന്നതിന് മാനേജ്മെന്റും തൊഴിലാളി യൂണിയനും

ധാരണയിലെത്തിയിട്ടുണ്ട്. ഹാരിസൺസ് മലയാളം ലിമിറ്റഡിലെ ബോണസ് വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ ലേബർ ഓഫീസർ വിളിച്ചുചേർത്ത അനുരഞ്ജന ചർച്ചയിൽ ധാരണയായിട്ടുണ്ട്.

(9) തൊഴിൽ നിയമങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: ഇതര സംസ്ഥാന തൊഴിലാളികൾക്ക് ജില്ലാ ചുമട്ടുതൊഴിലാളി ക്ഷേമബോർഡുകളുടെ എൻ.ഒ.സി. കിട്ടാതെ തിരിച്ചറിയൽ കാർഡ് കൊടുക്കുന്ന രീതി നിയമംമൂലം മാറ്റാനും ചുമട്ടുതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും ചുമട്ടുതൊഴിലാളി നിയമത്തിൽ വ്യക്തത വരുത്തി ചട്ടഭേദഗതി കൊണ്ടുവരാനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരം തൊഴിലാളികളിൽനിന്നും 26 (എ) രജിസ്ട്രേഷനുവേണ്ടി ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്ററിംഗ് അതോറിറ്റി, അപേക്ഷകൻ ചുമട്ടുതൊഴിൽ ചെയ്യുന്നതായി അവകാശപ്പെടുന്ന പ്രദേശത്തെ സ്ഥാപനങ്ങളിൽ അന്വേഷണം നടത്തിയും അറ്റാച്ച്ഡ് കാർഡിനുവേണ്ടി ഫോറം (9)-ൽ അപേക്ഷ ലഭിച്ചാൽ അസിസ്റ്റന്റ് ലേബർ ഓഫീസർ

അപേക്ഷകൻ സൂചിപ്പിച്ചിട്ടുള്ള തൊഴിലുടമകൾക്ക് ഫോറം (10) പ്രകാരമുള്ള നോട്ടീസ് അയച്ച് ഹിയറിംഗ് നടത്തിയുമാണ് തീരുമാനമെടുക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചുമട്ടുതൊഴിലാളി നിയമപ്രകാരം തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതിന് അവർ അന്തർസംസ്ഥാന കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നോ തിരിച്ചറിയൽ കാർഡ് വിലക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ കേരള ചുമട്ടുതൊഴിലാളി നിയമത്തിലും ചട്ടത്തിലും പ്രതിപാദിക്കുകയോ ചെയ്തിട്ടില്ല. നിയമവിരുദ്ധ നടപടികൾ അനുവദിക്കുന്നതല്ല.

(10) നിയമ സർവ്വകലാശാല

ശ്രീ. എൻ. ഷംസുദ്ദീൻ: സിലബസ്, പരീക്ഷ, റിസൾട്ട് എന്നിവ സംബന്ധിച്ച് ഏകോപനമുണ്ടാക്കി നിയമപഠനത്തെ ഒരു സർവ്വകലാശാലയുടെ കീഴിൽ കൊണ്ടുവരുന്നതിനായി ഒരു സർവ്വകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): നിയമ പഠനം വിവിധ സർവ്വകലാശാലകൾ നടത്തുന്നതിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാലും പുതിയൊരു സർവ്വകലാശാല

ആരംഭിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യത കണക്കിലെടുത്തും നിയമ സർവ്വകലാശാല ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഈ മേഖലയിലെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതാണ്.

**III മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**IV റിപ്പോർട്ട് സമർപ്പണം**

1. ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

2. വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ

റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

4. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം

നവംബർ 1-ാം തീയതി മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംബന്ധിച്ച് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VI ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിക്ക് നൽകിയ ഭേദഗതികളുടെ പരിഗണന

ശ്രീ. ഹൈബി ഈഡൻ: 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതി ചട്ടങ്ങൾക്കുള്ള 1, 3, 5, 6, 7, 8, 11 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു. ഭേദഗതികൾ സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ: 2, 4, 9 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു. അസംഘടിത തൊഴിലാളികൾ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ ഏറെ

പ്രയാസമനുഭവിക്കുന്ന ആളുകളാണ്. "കുടുംബം" എന്നത് കുറച്ചുകൂടി കോംപ്രിഹെൻസീവായ നിർവ്വചനമാക്കണം. അസംഘടിത തൊഴിലാളികൾ അവകാശികളില്ലാതെ മരണപ്പെട്ടാൽ അവരുടെ സമ്പാദ്യം നഷ്ടപ്പെടാൻ ഇടയാകരുത്. പ്രസവാനന്തരം കുഞ്ഞ് മരിച്ചാലോ ഗർഭം അലസിപ്പോയാലോ ജനന-മരണ രജിസ്ട്രാർ നൽകുന്ന കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തതുകൊണ്ട് ആനുകൂല്യം കിട്ടാതെ വരുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ആക്ട് എന്ന കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് കേരളത്തിൽ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതിയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള നയപരമായ പ്രശ്നങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പുനഃപരിശോധന ഇപ്പോൾ തീരുമാനിച്ചിട്ടില്ല. കേന്ദ്ര നിയമമായതിനാൽ ഇതിൽ ആക്ടോ റൂളോ പാടില്ല. ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 3, 6 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

(3) ഖണ്ഡിക 2(ജെ) യിൽ "21-ാം ഖണ്ഡിക" എന്നത് "6-ാം ഖണ്ഡിക"

എന്ന് ഭേദഗതി ചെയ്യുക.

(4) ഖണ്ഡിക 2(കെ) യിൽ "8" എന്ന അക്കത്തിനു പകരം "9" എന്ന അക്കം ചേർക്കുക.

(6) ഖണ്ഡിക 11(2)-ൽ "പദ്ധതിയുടെ 7-ാം ഖണ്ഡിക അനുസാസിക്കുന്ന" എന്നത് "പദ്ധതിയുടെ 8-ാം ഖണ്ഡിക അനുശാസിക്കുന്നത്" എന്ന് ഭേദഗതി ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

9-ാം നമ്പർ ഭേദഗതി 23-നെതിരെ 49 വോട്ടുകളോടെയും മറ്റു ഭേദഗതികളും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ചട്ടം സഭ പാസ്സാക്കി.

## VI നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: കേരളത്തിലെ അഭിഭാഷകരുടെ ക്ഷേമത്തിനായി 1980-ൽ നായനാർ സർക്കാരാണ് അഭിഭാഷക ക്ഷേമനിധി ആക്ട് കൊണ്ടുവന്നത്. ഈ നിയമപ്രകാരം അഭിഭാഷകർക്ക് ഒരു നിശ്ചിത കാലയളവിൽ പ്രാക്ടീസ് പൂർത്തീകരിച്ചാൽ ക്ഷേമനിധി ആനുകൂല്യവും ചികിത്സാസഹായവും നൽകിവന്നിരുന്നു. നിലവിലെ നിയമപ്രകാരം ക്ഷേമനിധി ആനുകൂല്യമായി 5 ലക്ഷം രൂപയും ചികിത്സാ ധനസഹായമായി 5000 രൂപയുമാണ് നൽകുന്നത്. അഭിഭാഷക ക്ലർക്ക് ക്ഷേമനിധിയിൽ ചികിത്സാ ധനസഹായമായി നൽകുന്നത് 35000 രൂപയാണ്. ഇതിനുപുറമെ പ്രസവാനുകൂല്യങ്ങളും നൽകുന്നുണ്ട്. ഈ ഭേദഗതി നിയമത്തിലൂടെ അഭിഭാഷക ക്ഷേമനിധി തുക 10 ലക്ഷം രൂപയായും ചികിത്സാ ധനസഹായം ഒരു ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയാണ്. ഭേദഗതി നിർദ്ദേശം അനുസരിച്ച് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ

ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ബാർ കൗൺസിലുകളും പ്രത്യേക പ്രാക്ടീസിംഗ് അഭിഭാഷക ലിസ്റ്റ് സൂക്ഷിക്കേണ്ടതുണ്ട്. ക്ഷേമനിധി തുകയും ചികിത്സാനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി ക്ഷേമനിധിയിലേയ്ക്കുള്ള തുകയും വർദ്ധിക്കേണ്ടതുണ്ട്. ക്ഷേമനിധി സ്റ്റാമ്പുകളുടെ മൂല്യം വർദ്ധിപ്പിച്ചും കോർട്ട് ഫീയുടെ ഒരു നിശ്ചിത ശതമാനം ക്ഷേമനിധിയിലേയ്ക്ക് നൽകിയും അംഗങ്ങളിൽനിന്നും കോൺട്രിബ്യൂഷൻ ഈടാക്കിയും അംഗങ്ങളുടെ വാർഷിക വരിസംഖ്യയിൽ വർദ്ധനവ് വരുത്തിയുമാണ് ഇതിനുള്ള ഫണ്ട് കണ്ടെത്തുന്നത്. ക്ലാർക്ക് ക്ഷേമനിധിയിൽ ഉള്ളവരേക്കാൾ അഞ്ചിരട്ടിയിലധികം അംഗങ്ങളാണ് അഭിഭാഷക ക്ഷേമനിധിയിലുള്ളതെങ്കിലും ക്ഷേമനിധി ഫണ്ടിലേയ്ക്കുള്ള വരുമാനത്തിൽ രണ്ട് ക്ഷേമനിധികളും തമ്മിൽ വലിയ അന്തരമില്ല. ഈയൊരു സാഹചര്യത്തിലാണ് ക്ഷേമനിധി തുകയും ചികിത്സാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. അംഗങ്ങൾ നൽകേണ്ട അംശദായ നിരക്കും വെൽഫെയർ ഫണ്ട് സ്റ്റാമ്പ് നിരക്കും കോർട്ട് ഫീ ഇനത്തിൽ ലഭിക്കുന്ന വരുമാനവും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പ്രതിവർഷ ആനുകൂല്യ തുക 25,000 രൂപയായി വർദ്ധിപ്പിക്കാനും ക്ഷേമനിധിയിൽനിന്നും ലഭിക്കാൻ അർഹമായ പരമാവധി തുക 10 ലക്ഷം

രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഫിനാൻസ് ബില്ലിൽ കൊണ്ടുവന്നിട്ടുള്ള കാര്യങ്ങൾ അതേ രൂപത്തിൽ അംഗീകരിക്കുകയാണ്.

ശ്രീ. സി. കൃഷ്ണനുവേണ്ടി (ശ്രീ. എ. എൻ. ഷംസീർ): 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ നാഴികക്കല്ലായി മാറാൻ പോകുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അഭിഭാഷകരുടെ കമ്മിറ്റ്മെന്റ് കക്ഷികളോടും നാടിനോടുമായിരിക്കണം. ആ നിലയിൽ അവർ പ്രവർത്തിക്കുന്നുണ്ടോയെന്നുള്ളത് ചർച്ച ചെയ്യേണ്ടതാണ്. ജനാധിപത്യത്തിൽ എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും എടുക്കുന്ന തീരുമാനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിൽ ജുഡീഷ്യറി വലിയ പങ്ക് വഹിക്കുന്നുണ്ട്. മറ്റുള്ളവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുക എന്നുള്ളതാണ് അഭിഭാഷകരുടെ ഉത്തരവാദിത്വം. അഭിഭാഷകരും മാധ്യമങ്ങളും തമ്മിൽ നല്ല ലിങ്കുണ്ടായിരിക്കണം. ക്ഷേമനിധിയിൽ കൃത്യമായി പണമടച്ചാൽ അഡ്വക്കേറ്റായി എൻറോൾ ചെയ്തതിനുശേഷം പ്രാക്ടീസ് ചെയ്യാത്തവർക്കും

ക്ഷേമനിധി ആനുകൂല്യം കിട്ടാനുള്ള അവകാശമുണ്ട്. പ്രതിവർഷം അഞ്ച് വക്കാലത്തെങ്കിലും റപ്രസെന്റ് ചെയ്താൽ മാത്രമേ അഡ്വക്കേറ്റായി നിലനിൽക്കാൻ സാധിക്കുകയുള്ളൂ എന്നത് സ്വാഗതാർഹമാണ്. സർവ്വീസ് പെൻഷനുള്ളവർക്ക് ക്ഷേമനിധി ആനുകൂല്യം കിട്ടുന്നതിന് നേരത്തെയുള്ള നിയമത്തിൽ പരിമിതിയുണ്ടായിരുന്നു. ഇപ്പോൾ അതിന് കട്ട് ഓഫ് വച്ചത് ഇത്തരത്തിലുള്ള ആളുകൾക്ക് ഒരാനുകൂല്യമായി മാറുമെന്ന് കരുതുന്നു. പുതുതായി കടന്നുവരുന്ന അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് കൊടുക്കുന്ന ഒരു പദ്ധതിയെക്കുറിച്ചും പോലീസ് സബ്ഇൻസ്പെക്ടർ, പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, കോർപ്പറേഷൻ സെക്രട്ടറി എന്നീ പോസ്റ്റുകളിലേയ്ക്ക് ലാ ഗ്രാഡ്വേറ്റ്സിന് സംവരണം കൊടുക്കുന്നതിനെക്കുറിച്ചും ആലോചിക്കണം. 'കെൽസ'യുടെ ലീഗൽ എയ്ഡും എസ്.സി/എസ്.ടി. മേഖലയിൽനിന്ന് കടന്നുവരുന്ന ആളുകൾക്ക് കൊടുക്കുന്ന ഫണ്ടും സർക്കാർ അഭിഭാഷകരുടെ വേതനവും വർദ്ധിപ്പിക്കണം. മീഡിയയും അഭിഭാഷകരും പരസ്പര ഐക്യത്തോടെ മുന്നോട്ടുപോകേണ്ട വിഭാഗമാണ്. ക്ഷേമനിധിയിലെ തുക ഒറ്റത്തവണയായി കൊടുക്കുന്നതിന് പകരം പെൻഷൻപോലെ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത

അഭിഭാഷകരെക്കൂടി ഇതിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. അഭിഭാഷക ക്ഷേമനിധി തുക അഞ്ചുലക്ഷത്തിൽനിന്നും പത്തുലക്ഷമായി വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. എം. വിൻസെന്റ്: 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അഭിഭാഷകരുടെമേൽ സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കുന്ന ഒരു ബില്ലായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. അവർക്ക് കിട്ടുന്ന വർദ്ധനവ് നാമമാത്രമായി ചുരുങ്ങുകയാണ്. ഒരു വക്കാലത്തിൽ ഒട്ടിക്കുന്ന സ്റ്റാമ്പ് ഫീസ് കീഴ്കോടതികളിൽ 10 രൂപയായിരുന്നത് 25 രൂപയായും ഹൈക്കോടതിയിൽ 15 രൂപയായിരുന്നത് 300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സീനിയർ അഭിഭാഷകരുടെ വാർഷിക വരിസംഖ്യ ഇരട്ടിയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. പതിനഞ്ചു വർഷക്കാലത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയ അംഗത്തിന് ക്ഷേമനിധിയിൽ നിന്നും ലഭിക്കാൻ അർഹമായ പരമാവധി തുക പത്ത് ലക്ഷം രൂപയാക്കി ഉയർത്തിയത് മിനിമം പത്ത് ലക്ഷം രൂപ എന്നാക്കുന്നതിനും കൂടുതൽ സേവനകാലം ഉള്ളവർക്ക് വർഷംതോറും 25000 രൂപ നിരക്കിൽ പരമാവധി പതിനഞ്ച് ലക്ഷം രൂപ വരെ

അനുവദിക്കുന്നതിനും തീരുമാനമുണ്ടാകണം. കാൻസർ ചികിത്സയ്ക്കും മറ്റ് ഗുരുതര രോഗങ്ങൾക്കുമുള്ള ചികിത്സാസഹായം മൂന്ന് ലക്ഷം രൂപയാക്കി ഉയർത്തണം. ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ ബാർ കൗൺസിൽ അംഗീകരിച്ച ബാർ അസോസിയേഷനിൽ അംഗമാകണമെന്ന നിബന്ധന ഒഴിവാക്കിയത് ദൗർഭാഗ്യകരമാണ്. മികച്ച സേവനങ്ങൾ അഭിഭാഷകർക്ക് പ്രദാനം ചെയ്യുന്ന ബാർ അസോസിയേഷനുകളെ ദുർബലപ്പെടുത്തുന്ന നടപടി ശരിയല്ല. കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാനെത്തുന്ന മാധ്യമപ്രവർത്തകർക്ക് പ്രവേശനം നിഷേധിക്കുന്ന അഭിഭാഷകരുടെ നടപടി അപമാനകരമാണ്. ഏതെങ്കിലുമൊരു അഭിഭാഷകനുൾപ്പെട്ട കയ്യേറ്റ കേസ്സുണ്ടായാൽ എതിർകക്ഷിക്കുവേണ്ടി ഹാജരാകാൻ ഒരു അഭിഭാഷകനെയും അനുവദിക്കാതെ സാമാന്യ നീതിപോലും നിഷേധിക്കുന്ന നിലപാടാണ് സ്വീകരിക്കപ്പെടുന്നത്. അഭിഭാഷകരുമായി ബന്ധപ്പെട്ട് കോടതികൾക്കകത്ത് നടത്തുന്ന ക്രിമിനൽ പ്രവർത്തനങ്ങൾ അഭിഭാഷക സമൂഹത്തിനാകെ അപമാനമാണ്. ഇത്തരം തെറ്റായ പ്രവർത്തനങ്ങൾ നടത്തുന്ന അഭിഭാഷകരെ ക്ഷേമനിധി അംഗത്വത്തിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടിയുണ്ടാകണം. സ്ഥിരമായ അംഗവൈകല്യം സംഭവിച്ച് പ്രാക്ടീസ് ചെയ്യാൻ കഴിയാത്ത അഭിഭാഷകർക്ക് നൽകുന്ന സഹായവും മരണാനന്തര സഹായവും 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധി അംഗത്വമെടുക്കാത്ത

അഭിഭാഷകൻ മരണപ്പെട്ടാൽ അവകാശിക്ക് മിനിമം 2 ലക്ഷം രൂപ നൽകുന്നതിനും അഭിഭാഷക അക്കാദമിക്ക് സർക്കാർ ഫണ്ട് അനുവദിക്കുന്നതിനും തയ്യാറാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): അഭിഭാഷക ക്ഷേമനിധി ഫണ്ടിലേയ്ക്കുള്ള കോൺട്രിബ്യൂഷൻ എഴുപത് ശതമാനമായി വർദ്ധിക്കുന്നതോടുകൂടി ചികിത്സാസഹായമടക്കം വർദ്ധിപ്പിച്ച സഹായങ്ങൾ നൽകുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ല. പത്ര-ദൃശ്യ മാധ്യമ പ്രവർത്തകരും അഭിഭാഷകരും തമ്മിൽ നിലനിൽക്കുന്ന പ്രശ്നം എക്സിക്യൂട്ടീവ് തലത്തിലെ ഒരു ഉത്തരവിലൂടെ പരിഹരിക്കുന്നതിന് സാധിക്കുകയില്ല. ജനാധിപത്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ജുഡീഷ്യറിയും ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും പത്ര-ദൃശ്യ മാധ്യമങ്ങളും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. അവയിലൊന്നിന് മറ്റൊന്നിനുമേൽ മേധാവിത്വം പുലർത്താൻ സാധിക്കുകയില്ല. ഈ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIVാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും 846,07,13,000 രൂപയാണ് ധനാഭ്യർത്ഥനയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികൾക്കും ആവശ്യമായ തുക ധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് മാസംകൊണ്ട് ജനോപകാരപ്രദമായ ധാരാളം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. തീവ്രവാദ പ്രവർത്തനങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തണം. ഭൂമിയും വീടുമില്ലാത്തവർക്ക് അവ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കണം.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടുണ്ട്. അവിടെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും പോളിടെക്നിക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. വോർക്കാടി ഗ്രാമപഞ്ചായത്തിൽ മലയാളം ഭാഷാ സ്കൂൾ ആരംഭിക്കുകയും ഭാഷാന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിന് പ്രത്യേക കോഴ്സുകൾ അനുവദിക്കുകയും വേണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ലിംഗ്വിസ്റ്റിക് മൈനോറിറ്റി കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥികളുടെ പേരിലുള്ള ആർ.ആർ. നടപടി നിർത്തിവയ്ക്കുന്നതിന് ബഡ്ജറ്റിൽ തുക നീക്കി വച്ചതും വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതും വിദ്യാർത്ഥികൾക്ക് ഏറെ സഹായകരമാണ്. ടൂറിസം മേഖലയിൽ നടത്തുന്ന ഇടപെടലുകൾ പ്രശംസനീയമാണ്. മാസ്റ്റേഴ്സ് അസോസിയേഷന്റെ നാഷണൽ മീറ്റിന് സഹായം നൽകണം. തേക്കടിയിൽ നിർത്തിവച്ചിരിക്കുന്ന ബോട്ടിംഗ് പുനരാരംഭിക്കാനും ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: നീതി ആയോഗ് എന്ന പതിനഞ്ചുവർഷ പദ്ധതിയിൽനിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കണം. വിദേശ മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

<u>ശ്രീ. സി. എഫ്. തോമസ്</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ശരിയായ രീതിയിൽ ധനവിനിയോഗം നടക്കുന്നുണ്ടോ എന്നുള്ളത്

പരിശോധിക്കണം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എസ്. ശർമ്മ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദവും ദീർഘവീക്ഷണത്തോടെയുമുള്ള വികസന പദ്ധതികൾക്കാണ് ഗവൺമെന്റ് മുൻഗണന നൽകുന്നത്. സംസ്ഥാനത്തെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കടുത്ത സാമ്പത്തിക ബാധ്യത നിലനിൽക്കുമ്പോഴും ഭക്ഷ്യസുരക്ഷാ നിയമത്തിലെ പോരായ്മകൾ പരിഹരിക്കാനുതകുന്ന നടപടികളാണ് ഭക്ഷ്യവകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സ്വാശ്രയ മെഡിക്കൽ പ്രവേശന വിഷയത്തിൽ മാനേജ്മെന്റുകൾക്കനുകൂലമായ നിലപാടുകളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് സംസ്ഥാനത്തിന്റെ മൂലധനവും നികുതിയേതര വരുമാനവും വർദ്ധിപ്പിക്കുന്നതിലും പദ്ധതിപണം ചെലവഴിക്കുന്നതിലും മുൻപന്തിയിലായിരുന്നു. ഈ ഗവൺമെന്റിന്റെ ഭരണത്തിൽ ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥ

പോര് ശ്രുക്ഷമായിട്ടുണ്ട്. ഭരണതലത്തിൽ അപ്രമാദിത്വ നിലപാടാണ് മുഖ്യമന്ത്രി സ്വീകരിച്ചുവരുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): എൽ.ഡി.എഫ് ഗവൺമെന്റ് ദിശാബോധത്തോടെയുള്ള പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. ഈ ബഡ്ജറ്റിലൂടെ കേരളത്തിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. സർക്കാർ ചെലവ് വെട്ടിക്കുറച്ചുകൊണ്ട് ധനകമ്മി കുറയ്ക്കാനുള്ള നടപടിയാണ് മുൻസർക്കാർ സ്വീകരിച്ചിരുന്നത്. എന്നാൽ ജനങ്ങളുടെ ക്രയവിക്രയശേഷി വർദ്ധിപ്പിച്ചും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും റവന്യൂ വരുമാനം വർദ്ധിപ്പിച്ച് റവന്യൂ കമ്മി കുറയ്ക്കുന്നതിനുള്ള നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. റവന്യൂ വരുമാനത്തിന്റെ വർദ്ധനവിനാനുപാതികമായി പ്രോജക്ടുകൾ, നിക്ഷേപങ്ങൾ എന്നിവ വർദ്ധിപ്പിക്കുകയും അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യും. വിവിധ പദ്ധതികൾ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് ദിശാബോധത്തോടുകൂടിയ സാമ്പത്തിക ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കാസർഗോഡ് പാക്കേജ് നടപ്പിലാക്കുന്നതാണ്. വിദ്യാലയങ്ങളിലെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിധിയിൽ മംഗലാപുരത്തെ ആശുപത്രികൾ

ഉൾപ്പെടുത്തുകയും കൂടുതൽ രോഗികൾക്കുകൂടി സഹായം കിട്ടത്തക്കവിധം കാരുണ്യപദ്ധതി വിപുലീകരിക്കുന്നതുമാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന

പ്രമേയം 36 -നെതിരെ 65 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി )ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ( ശ്രീ. എ. കെ. ബാലൻ): മുൻ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ അര ശതമാനം അധിക കോർട്ട് ഫീ ഒരു ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്ടിന്റെ 76-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുകയാണ്. നിലവിൽ ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് കോർട്ട് ഫീയുടെ ഒരു നിശ്ചിത ശതമാനം നൽകണമെന്നും ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നും കേരള

അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമ നിധിയിലേയ്ക്കും പൊതുജനങ്ങളുടെ നിയമ സഹായ ആവശ്യങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് നീക്കിവയ്ക്കണമെന്നുമാണ് 76 (3) ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഇപ്രകാരം വിഹിതം വയ്ക്കുന്നത് വ്യത്യസ്ത നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. ക്ലാർക്ക്സ് ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതം അഭിഭാഷക ക്ലാർക്ക്സ് ക്ഷേമനിധി ആക്ടിലെ വ്യവസ്ഥ പ്രകാരവും അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും പൊതുജനങ്ങളുടെ നിയമ സഹായ ആവശ്യങ്ങൾക്കുള്ള വിഹിതം ലീഗൽ ബെനിഫിറ്റ് ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരവുമാണ് വയ്ക്കുന്നത്. പ്രസ്തുത രീതി അശാസ്ത്രീയമായതിനാലാണ് 76(3) -ൽ ഭേദഗതി വരുത്തുന്നത്. നിയമസഹായ നിധിയുടെ എഴുപത് ശതമാനത്തിന് തുല്യമായ തുക കേരള അഭിഭാഷക ക്ഷേമനിധിക്കും മുപ്പത് ശതമാനത്തിന് തുല്യമായൊരു തുക കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിക്കും നീക്കിവയ്ക്കുന്നതിനും അപ്രകാരം രണ്ടു ക്ഷേമനിധികൾക്കും വീതം വയ്ക്കുന്ന തുകയുടെ പത്ത് ശതമാനം പൊതുജനങ്ങളുടെ നിയമ സഹായ ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്നതുമാണ്. അഭിഭാഷക ക്ഷേമനിധിയിലും ക്ലാർക്ക്സ് ക്ഷേമനിധിയിലും അംഗങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ രണ്ട് ക്ഷേമനിധി ഫണ്ടിലേയ്ക്കുമുള്ള വരുമാനത്തിലുണ്ടാകുന്ന അന്തരം പരിഹരിക്കുന്നതിനുവേണ്ടിയും ക്ഷേമനിധിത്തുകയും

ചികിത്സാനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതുകൊണ്ടും ഇപ്രകാരമുള്ള ഒരു ഭേദഗതി ആവശ്യമാണ്. പ്രസ്തുത കോർട്ട് ഫീ ആക്ടിലെ ഈ ഭേദഗതി എല്ലാ വിഭാഗം ജനങ്ങൾക്കും ഉപകാരപ്രദമാകും. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും അധിക ചെലവൊന്നുമുണ്ടാകുകയില്ല.

ശ്രീ. കെ. കുഞ്ഞിരാമനുവേണ്ടി (ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ) : 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അഭിഭാഷക ക്ഷേമനിധി, അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്. പ്രസ്തുത ക്ഷേമനിധികൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനും അഡ്വക്കേറ്റുമാർക്കും ക്ലാർക്കുമാർക്കും ആനുകൂല്യങ്ങൾ നൽകുന്നതിനും ബില്ലിൽ വരുത്തുന്ന ഭേദഗതി സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നും പത്ത് ശതമാനം വീതം വ്യവഹാരികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവയ്ക്കുന്നതിലൂടെ കോടതികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുകയും ജനങ്ങൾക്ക് ഉപകാരപ്രദമാകുകയും ചെയ്യും. ബാർ അസോസിയേഷനുകളുടെ അടിസ്ഥാന

സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഫണ്ട് അനുവദിച്ച നടപടി സ്വാഗതാർഹമാണ്. പുതിയ കോടതികൾ നിർമ്മിക്കുന്നതിന് പണം വകയിരുത്തുകയും കോടതി സമുച്ചയങ്ങളോടനുബന്ധിച്ച് അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് ജോലി സൗകര്യമൊരുക്കാനുള്ള നടപടി സ്വീകരിക്കുകയും അഭിഭാഷക ക്ലാർക്കുമാരുടെ ക്ഷേമനിധി പെൻഷൻ ഇരട്ടിയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. പുതുതായി എൻറോൾ ചെയ്യുന്ന അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് നൽകാനുള്ള തീരുമാനം പ്രശംസനീയമാണ്. റവന്യൂ റിക്കാർഡുകൾ കൃത്യസമയത്ത് ലഭിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തി കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സാഹചര്യമുണ്ടാക്കണം. ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പഞ്ചായത്തുകളിൽ സമാന്തര തർക്ക പരിഹാരവേദി രൂപീകരിക്കണം. എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ, ജുഡീഷ്യറി എന്നിവയുടെ ഏകോപനത്തിനുള്ള സാധ്യത പരിശോധിക്കപ്പെടണം. അഭിഭാഷക ക്ഷേമനിധി ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുകയും ക്ഷേമനിധിയിൽനിന്ന് പണം സ്വീകരിച്ച അഭിഭാഷകർക്ക് ജോലിയിൽ തുടരാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യണം. അഭിഭാഷകർക്ക് ഏറെ ആശ്വാസം നൽകുന്ന ഭേദഗതിയാണ് ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. അനിൽ അക്കര</u> : 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും

(ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള അഭിഭാഷക ക്ഷേമനിധി, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി എന്നീ ഫണ്ടുകളിലേയ്ക്ക് നീക്കിവയ്ക്കപ്പെട്ട തുകയിൽനിന്നും പത്ത് ശതമാനം വീതം വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നീക്കിവയ്ക്കുന്നുവെന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. പത്ത് ശതമാനം എന്നുള്ള തുക വർദ്ധിപ്പിക്കണം. ഈ ഫണ്ട് കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്നതിന് വ്യക്തമായ നടപടിക്രമങ്ങളുണ്ടാകണം. കോടതികളിലെ ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഹരിക്കപ്പെടണം. എം.എ.സി.റ്റി. കോടതികളിലും ഉപഭോക്തൃ കോടതികളിലും അഭിഭാഷകർ ഒരു നിശ്ചിത ശതമാനം തുക ഈടാക്കിക്കൊണ്ട് കേസുകൾ നടത്തുന്നത് നിയന്ത്രിക്കണം. ലേബർ കോടതി, ആർബിട്രേഷൻ കോടതി, സഹകരണ ട്രിബ്യൂണൽ, ഉപഭോക്തൃ കോടതി എന്നിവിടങ്ങളിൽ സാധാരണക്കാരുടെ കേസ്സുകൾ വാദിക്കാൻ സർക്കാർ അഭിഭാഷകരെ നിയോഗിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

കോടതികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കും. നിയമത്തിൽ പറയുന്ന ഒരു ശതമാനത്തിൽ വരുന്ന തുകയുടെ പത്ത് ശതമാനം പൊതുജനങ്ങൾക്ക് ലീഗൽ സർവ്വീസ് സഹായം ലഭ്യമാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. സിവിൽ കോടതികളിലും ട്രിബ്യൂണലുകളിലും കേസുകൾ കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കും.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ആഭ്യന്തരകാര്യം സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## IX ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

<u>തുടർച്ചയായുണ്ടാകുന്ന ട്രെയിൻ അപകടങ്ങൾ</u>

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: "റെയിൽ പാളങ്ങളുടെ പഴക്കം, തകരാറിലായ ബോഗികളുടെ ആധിക്യം, അറ്റകുറ്റപ്പണികളുടെ അപര്യാപ്തത, പരിഹാരമില്ലാതെ തുടരുന്ന സുരക്ഷാ പ്രശ്നങ്ങൾ, ജീവനക്കാരുടെ കുറവ്

തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന ട്രെയിൻ അപകടങ്ങൾമൂലമുണ്ടായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

കേരളം റെയിൽവേ സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നിലാണ്. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണ് പലപ്പോഴും അറ്റകുറ്റപ്പണികൾ നടത്തുന്നത്. കടലുണ്ടിപ്പുഴ, പെരുമൺ എന്നിവിടങ്ങളിൽ ദുരന്തം ഉണ്ടായപ്പോൾ മാത്രമാണ് പണികൾ ചെയ്തിട്ടുള്ളത്. ചെറുവത്തൂർ, കറുകുറ്റി, ശാസ്താംകോട്ട, കൊച്ചുവേളി എന്നിവിടങ്ങളിലും അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. കേന്ദ്ര റെയിൽവേ മന്ത്രി 'മിഷൻ സീറോ ആക്സിഡന്റ്' എന്ന പരിപാടി അനൗൺസ് ചെയ്തതിനുശേഷമാണ് ഇക്കാര്യത്തിലുള്ള വീഴ്ചകൾ മനസ്സിലാകുന്നത്. റോളിംഗ് സ്റ്റോക്ക്, സെക്യൂരിറ്റി സിസ്റ്റം തുടങ്ങിയവയിൽ പിഴവുണ്ടെന്നാണ് കേരളത്തിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങളിൽനിന്നും വ്യക്തമാകുന്നത്. റെയിൽ അപകടങ്ങൾ ഒഴിവാക്കാൻ സേഫ്റ്റി മെഷേഴ്സിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റാണ് ശ്രദ്ധിക്കേണ്ടത്. സമയബന്ധിതമായ പരിശോധനയും അറ്റകുറ്റപ്പണികളും സേഫ്റ്റി ഓഡിറ്റും നിർബന്ധമാക്കാൻ നടപടി സ്വീകരിക്കണം. ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കാനും അവരുടെ ജോലി

സമയം ക്രമീകരിക്കാനും സ്ത്രീ ജീവനക്കാരെ രാത്രി ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കാനും ജീവനക്കാർക്ക് ഫിറ്റ്നസ് ഉണ്ടോയെന്ന് കണ്ടെത്താനും വ്യവസ്ഥയുണ്ടാകണം. അപകടമുണ്ടായാൽ യാതൊരുവിധ പരിഹാരമാർഗ്ഗങ്ങളുമില്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ എം.എൽ.എ.മാരും മന്ത്രിമാരും എം.പി.മാരും ഒരുമിച്ച് പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും കണ്ട് സ്പെഷ്യൽ പാക്കേജ് വേണമെന്ന് ആവശ്യപ്പെടണം. ഒരു പുതിയ ഡിവിഷൻ അടിയന്തരമായി ആരംഭിച്ച് കേരളത്തെ ഒരു സോണായി പ്രഖ്യാപിക്കണം. റെയിൽവേ ട്രാക്കുകളുടേയും പാരലൽ ലൈനുകളുടേയും ബോഗികളുടെയും എണ്ണം വർദ്ധിപ്പിക്കണം. മെയിന്റനൻസ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കൊച്ചുവേളിയിലും ഷൊർണ്ണൂരും കോഴിക്കോട്ടും എറണാകുളത്തെ മാർഷലിംഗ് യാർഡിലും അഡീഷണൽ പിറ്റ്ലൈൻസ് കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. കേരളത്തിന്റെ സവിശേഷതകളും അസൗകര്യങ്ങളും പരിഗണിച്ച് റെയിൽവേ കോച്ചുകൾ, സ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ, സെക്യൂരിറ്റി സംവിധാനം, സേഫ്റ്റി മെഷേഴ്സ് എന്നീ കാര്യങ്ങളിൽ റെയിൽവേ അതോറിറ്റികൂടി ശ്രദ്ധിക്കേണ്ടതുണ്ട്. അതിനായി മൂന്നാമത്തെ പാത എന്ന പ്രൊപ്പോസലിന് ഭൂമി

ഏറ്റെടുത്തുകൊടുക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ തീവണ്ടികളുടെ എണ്ണം കൂട്ടുന്നതിനും ശബരി റെയിൽപാത പുനലൂർ വഴി കൊല്ലത്ത് എത്തിക്കുന്നതിനും പരിശ്രമിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന റെയിൽവേ അപകടങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിലും പരിപാലനത്തിലും റെയിൽവേ അധികൃതരുടെ ഭാഗത്തുനിന്നും തികഞ്ഞ അലംഭാവവും അവഗണനയുമാണ് ഉണ്ടാകുന്നത്. തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിൽ സാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ അപര്യാപ്തത നിലനിൽക്കുകയാണ്. കേരളത്തിൽ നടത്തിയ യു.എസ്.എഫ്.ഡി. ടെസ്റ്റിന്റെ ഭാഗമായി 200-ലധികം ഡിഫക്ടുകൾ കണ്ടെത്തിയിട്ടുണ്ടെന്നാണ് ഐ.എം.ആർ.-ലൂടെ വെളിപ്പെട്ടിരിക്കുന്നത്. ജീവനക്കാരുടെ അപര്യാപ്തതമൂലം റെയിൽവേ പാളങ്ങളിലെ നൈറ്റ് പട്രോളിംഗും ട്രാക്കിന്റെ അറ്റകുറ്റപ്പണികളും നടക്കാതിരിക്കുന്ന സ്ഥിതിക്ക് മാറ്റം വരണം. റെയിൽവേയെ ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി വേണ്ടത്ര പഠനമോ പരിശോധനയോ ഇല്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ അശാസ്ത്രീയ നടപടികൾ പാളങ്ങളുടെ

തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ട്രെയിൻ അപകടങ്ങളുണ്ടാകുമ്പോൾ ഉത്തരവാദപ്പെട്ട റെയിൽവേ ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്ന വ്യവസ്ഥ ശക്തിപ്പെടുത്തണം.

ശ്രീ. വി. റ്റി. ബൽറാം: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തിലെ റെയിൽവേ മേഖലയെ സമഗ്രമായി പുനരുദ്ധരിക്കുന്നതിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഈ മേഖലയിൽ കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനും സാധിക്കണം. പാളങ്ങളുടെ ഓവർ യൂട്ടിലൈസേഷൻ അവസാനിപ്പിക്കാനും പ്രയോറിറ്റി അടിസ്ഥാനത്തിൽ നിലവിലുള്ള റെയിൽവേ ലൈനുകൾ ഇരട്ടിപ്പിക്കുന്നതിനും ഇലക്ട്രിഫൈ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് റെയിൽവേപ്പാളങ്ങളിലെ വിള്ളലുകൾ യഥാസമയം കണ്ടെത്തി അടയ്ക്കുന്നതിനും മെയിന്റനൻസ് വർക്കുകൾ പൂർത്തീകരിക്കുന്നതിനും നോക്കുകൂലിക്കെതിരെ ശക്തമായ നിലപാടെടുക്കുന്നതിനും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതതല നിവേദക സംഘം അടിയന്തരമായി കേന്ദ്ര റെയിൽവേ മന്ത്രിയെ കണ്ട്

സുരക്ഷാ കാര്യങ്ങളിലെ വീഴ്ചകളിന്മേൽ പരിഹാരം കണ്ടെത്തണം.

ശ്രീ. ഇ. കെ. വിജയൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇൻഡ്യാ ഗവൺമെന്റ് സ്വീകരിച്ച ആഗോളവൽക്കരണത്തിന്റെ ഭാഗമായാണ് ഇൻഡ്യൻ റെയിൽവേ ഇന്ന് പ്രതിസന്ധി നേരിടുന്നത്. റെയിൽവേ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും തീവണ്ടിയുടെ വേഗതയ്ക്കും ദൈർഘ്യത്തിനുമനുസരിച്ച് പാളങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ട്രെയിനുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ട്രെയിനുകളിൽ നടക്കുന്ന മോഷണവും സ്ത്രീകളോടുള്ള അതിക്രമവും തടഞ്ഞ് ജനങ്ങൾക്ക് സുരക്ഷിതമായി യാത്രചെയ്യുന്നതിന് സൗകര്യമൊരുക്കണം. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം അപകടത്തിന് പ്രധാന കാരണമാണ്. കേരളത്തിലെ റെയിൽവെ സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. കേരളത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കാനുള്ള ഇടപെടലുണ്ടാകണം. കാലപ്പഴക്കംചെന്ന ബോഗികളും പാളങ്ങളും അപകടങ്ങൾ വർദ്ധിപ്പിക്കാനിടയാക്കുന്ന സാഹചര്യത്തിൽ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തി സുരക്ഷിതയാത്ര ഉറപ്പാക്കാനുള്ള ശ്രമങ്ങൾ

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ഡോ. എൻ. ജയരാജ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് അടുത്ത കാലത്ത് നിരന്തരമുണ്ടായ തീവണ്ടി അപകടങ്ങൾ വളരെ ഗൗരവമുള്ളതാണ്. കേരളത്തിലെ റെയിൽവെ സ്റ്റേഷനുകൾക്കും തീവണ്ടികൾക്കും കാലോചിതമായ മാറ്റമുണ്ടായില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. അടിസ്ഥാനപരമായി റെയിൽവെ സ്റ്റേഷനുകളുടെ വികസനം സാധ്യമാക്കണം. ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് പരിശോധനാ സംവിധാനം ശക്തിപ്പെടുത്തണം.

ശ്രീ. കെ. ഡി. പ്രസേനൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ടെക്നിക്കൽ വിഭാഗത്തിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും വിദഗ്ദ്ധ തൊഴിലാളികൾ ചെയ്യേണ്ട ജോലികൾ കരാർ വ്യവസ്ഥയിലുള്ള ഇതരസംസ്ഥാന തൊഴിലാളികൾ ചെയ്യുന്നതും അപകടങ്ങളുണ്ടാകുന്നതിന് പ്രധാനപ്പെട്ട കാരണമാകുന്നു. പാളങ്ങളുടെ സുരക്ഷാക്രമീകരണങ്ങൾ നടക്കുന്നത് അഴിമതിക്കാരായ കരാറുകാരുടെ മേൽനോട്ടത്തിലാണ്. പാളത്തിൽ വിള്ളലുണ്ടെന്ന് റിപ്പോർട്ട് ചെയ്താലും ആവശ്യമായ നടപടിയുണ്ടാകാത്ത

അവസ്ഥയാണുള്ളത്. പത്തുവർഷത്തിലൊരിക്കൽ പാളത്തിനടിയിലെ മെറ്റൽ റീഫിക്സ് ചെയ്യാനും അറ്റകുറ്റപ്പണികൾ നടത്താനും തയ്യാറാകണം. റെയിൽപ്പാത പുതുക്കുന്നതിന് അനുവദിക്കുന്ന ഫണ്ട് വർദ്ധിപ്പിക്കണം. എറണാകുളം-ഷൊർണ്ണൂർ ഇരട്ടപ്പാതയിലെ തിരക്ക് കുറയ്ക്കാനും കൊച്ചിയിൽനിന്ന് ചെന്നൈ, മംഗലാപുരം, ബാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്കുള്ള ചരക്കുനീക്കം വേഗത്തിലാക്കാനും മൂന്നാംപാത അനിവാര്യമാണെന്ന് കേന്ദ്രത്തെ ബോധ്യപ്പെടുത്താനും കഴിയണം. നിലവിലുള്ള റെയിൽപ്പാതയ്ക്ക് സമാന്തരമായി അതിവേഗ ട്രെയിനുകൾക്കായി പുതിയ ഇരട്ടപ്പാത നിർമ്മിക്കുന്നതിനും കാലപ്പഴക്കംചെന്ന പാളങ്ങൾ മാറ്റിസ്ഥാപിക്കുന്നതിനും നടപടിയുണ്ടാകണം. കേന്ദ്ര നിലപാടുകൾക്കെതിരെയുള്ള ശക്തമായ പ്രതിഷേധമായി ഈ പ്രമേയം മാറണം.

<u>ശ്രീ. സി. കെ. നാണു</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. റെയിൽവേയുടെ അധീനതയിലുള്ള സ്ഥലം ഫലപ്രദമായ രീതിയിൽ വിനിയോഗിക്കണം. കേരളത്തിന് നഷ്ടപ്പെട്ട റെയിൽവേ സോൺ വീണ്ടെടുക്കുന്നതിനും പാലക്കാട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനും നടപടിയെടുക്കണം. റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രധാനമന്ത്രിയുടെയും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുടെയും

ശ്രദ്ധയിൽകൊണ്ടുവരണം.

<u>ശ്രീ. പി. സി. ജോർജ്</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. റെയിൽവേയുമായി ബന്ധപ്പെട്ട് അഭൂതപൂർവ്വമായ വളർച്ചയുണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് ആനുപാതികമായ വികസനം ഉണ്ടായിട്ടില്ല. കേരളത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും കേന്ദ്ര അവഗണന അവസാനിപ്പിക്കുന്നതിനും ശക്തമായ നിലപാട് സ്വീകരിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ഏതാനും മാസങ്ങളായി തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന റെയിൽ അപകടങ്ങളിൽ ജനങ്ങൾ ആശങ്കാകുലരാണ്. കാലപ്പഴക്കംചെന്ന കോച്ചുകളും ട്രാക്കുകളുമാണ് അപകടങ്ങൾക്ക് പ്രധാന കാരണമാകുന്നത്. അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കാൻ റെയിൽവേയ്ക്ക് സാധിക്കുന്നില്ല. കേരളത്തോടുള്ള റെയിൽവേയുടെ അവഗണന അവസാനിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അപകടങ്ങളുടെ എണ്ണം വർദ്ധിച്ചുവരുമ്പോഴും ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്ന സമീപനമാണ് റെയിൽവേ സ്വീകരിച്ചുവരുന്നത്. റെയിൽവേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനം നേടിക്കൊടുക്കുന്ന കേരളത്തെ അവഗണിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ്

സ്വീകരിക്കുന്നത്. കാലപ്പഴക്കംചെന്ന ബോഗികളാണ് കേരളത്തിൽ ഉപയോഗിച്ചുവരുന്നത്. പാലക്കാട്ട് അനുവദിച്ച കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിനും ലോക്കോ പൈലറ്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനും ട്രെയിനുകളിൽ മികച്ച ടോയ്‌ലറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും ലേഡീസ് കംപാർട്ടുമെന്റ് ട്രെയിനിന്റെ മധ്യഭാഗത്താക്കുന്നതിനും നടപടി സ്വീകരിക്കണം. പാളങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ട്രാക്ക് പരിശോധനയും അറ്റകുറ്റപ്പണികൾക്ക് മതിയായ ജീവനക്കാരുടെ സേവനവും ഉറപ്പാക്കണം. അപകടങ്ങളുണ്ടാകുമ്പോൾ കീഴ്ജീവനക്കാരെ ബലിയാടാക്കി പ്രശ്നം അവസാനിപ്പിക്കാതെ ഉന്നതതല ചർച്ചകൾ നടത്തി ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടിയുണ്ടാകണം. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലുള്ള അലംഭാവം അവസാനിപ്പിക്കാൻ റെയിൽവേ അധികൃതർ തയ്യാറാകണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നിരന്തരമുണ്ടാകുന്ന അപകടങ്ങൾ കാരണം സംസ്ഥാനത്ത് ട്രെയിൻ യാത്രക്കാരുടെ സുരക്ഷിതത്വം ആശങ്കയിലാണ്. കേന്ദ്ര സർക്കാരിന്റെ അവഗണനമൂലം റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് യാതൊരു പുരോഗതിയും കൈവരിക്കാനായിട്ടില്ല. യാത്രക്കാരുടെ സുരക്ഷിതത്വവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് റെയിൽവേ പ്രധാന പരിഗണന നൽകണം. ജീവനക്കാരുടെ

അഭാവവും പഴകിയ പാളങ്ങളും കാലപ്പഴക്കംചെന്ന ബോഗികളും ട്രാക്കിന് താങ്ങാവുന്നതിനേക്കാൾ കൂടുതൽ ട്രെയിനുകൾ ഓടുന്നതും അപകടങ്ങൾക്ക് കാരണമാകുന്ന സാഹചര്യത്തിൽ ഇവ പരിഹരിക്കുന്നതിന് അടിയന്തര ഇടപെടലുണ്ടാകണം. മൂന്നാം പാത കൊണ്ടുവരുന്നതിനും റെയിൽവേ വികസനത്തിനുവേണ്ടി രൂപീകരിച്ച കമ്പനിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. ജനശതാബ്ദി ട്രെയിനുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഷൊർണ്ണൂർ-കോഴിക്കോട് പാതയുടെ ഇലക്ട്രിഫിക്കേഷൻ അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിനും രാജധാനി എക്സ്പ്രസ്സിന് തിരൂരിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും രാജ്യറാണി എക്സ്പ്രസ് ഇൻഡിപെൻഡന്റ് സർവ്വീസാക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എം. സ്വരാജ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സമീപകാലത്തുണ്ടായ അപകടങ്ങൾ കാരണം സംസ്ഥാനത്ത് ട്രെയിൻ യാത്ര സുരക്ഷിതമല്ലാതായി മാറിയിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ അവഗണന കാരണം റെയിൽ വികസന കാര്യത്തിൽ മുന്നേറ്റമുണ്ടാക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. അടിസ്ഥാന റെയിൽവേ വികസനത്തിനായി ദക്ഷിണ റെയിൽവേയ്ക്ക് അനുവദിക്കുന്ന ഫണ്ടിന്റെ സിംഹഭാഗവും ചെലവഴിക്കുന്നത് തമിഴ്നാടിനാണ്. സംസ്ഥാനത്തെ റെയിൽവേ ലൈനിൽ 238 സ്ഥലത്ത് വിള്ളലുകളുണ്ടെന്നും നൂറു കിലോമീറ്റർ പാളം

അടിയന്തരമായി മാറ്റിസ്ഥാപിക്കണമെന്നുമുള്ള സാങ്കേതിക വിഭാഗത്തിന്റെ മുന്നറിയിപ്പ് അവഗണിച്ചുകൊണ്ട് വിള്ളലുള്ള സ്ഥലങ്ങളിൽ വേഗത കുറയ്ക്കുന്ന രീതിയാണ് റെയിൽവേ സ്വീകരിക്കുന്നത്. ജീവനക്കാരുടെ കുറവ് റെയിൽവേയുടെ സുരക്ഷിതത്വത്തെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ടോയ്‌ലറ്റ് മാലിന്യങ്ങൾ പാളങ്ങളിൽ നിക്ഷേപിക്കുന്ന രീതി മാറ്റുന്നതിനുള്ള ശ്രമമുണ്ടാകണം. കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാനത്ത് ട്രെയിൻയാത്ര സുരക്ഷിതമാക്കുന്നതിന് ആവശ്യമായ നടപടികളെടുക്കണം.

<u>ശ്രീ. റോജി എം. ജോൺ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് റെയിൽവേയ്ക്ക് കേരളത്തിൽ നിന്ന് കൂടുതൽ വരുമാനം ലഭിക്കുന്നുണ്ടെങ്കിലും റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ കേരളം നിരന്തരം അവഗണിക്കപ്പെടുകയാണ്. പാളത്തിൽ വിള്ളൽ കണ്ടെത്തിയാൽ ഒരാഴ്ചയ്ക്കുള്ളിൽ പാളം മാറ്റി സ്ഥാപിക്കണമെന്ന ചട്ടവും ടെണ്ടർ നടപടികൾ മൂന്നു മാസത്തിനുള്ളിൽ പൂർത്തീകരിച്ച് അറ്റകുറ്റപ്പണികൾ തുടങ്ങണമെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല. കേരളത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 52 Kg റെയിലുകൾ പൂർണ്ണമായും മാറ്റിസ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. അങ്കമാലി-ശബരി റെയിൽപ്പാതയുടെ നിർമ്മാണം

വേഗത്തിലാക്കുന്നതിനും അങ്കമാലി-കാലടി റൂട്ടിലെ ഓവർബ്രിഡ്ജുകളുടെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിന് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പടുത്തി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ജോയിന്റ് വെഞ്ച്വറിൽ ഉൾപ്പെടുത്തിയിട്ടുള്ള കാലടി-ശബരിമല റെയിൽപ്പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സ്പെഷ്യൽ ഓഫീസറെ നിയമിച്ച് പൂർത്തീകരിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തണം. റെയിൽവേ കോച്ചുകളിൽ വനിതാ പോലീസുകാരെ നിയമിച്ച് വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തണം. കേരളത്തിലെ മൊത്തം റെയിൽവേയുടെ വികസനം ലക്ഷ്യമിട്ട് ഈ വിഷയം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കാൻ കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ലോകത്തിലെ ഏറ്റവും തിരക്കേറിയതും വലുതുമായ തീവണ്ടിപ്പാതാ ശൃംഖലകളിലൊന്നായ ഇന്ത്യൻ റെയിൽവേ രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ്. കേരളത്തിൽ 1148 കി.മീ. ദൂരത്തിൽ റെയിൽവേ ലൈനുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ചെന്നൈ ആസ്ഥാനമായ

ദക്ഷിണ റെയിൽവേയാണ് കേരളത്തിൽ റെയിൽ ഗതാഗതം നിയന്ത്രിക്കുന്നത്. പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിലും റിസർവ്വേഷൻ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും കേരളത്തിലെ റെയിൽവേയുടെ വികസന കാര്യത്തിലും കുറ്റകരമായ വിവേചനമാണ് കേന്ദ്രഗവൺമെന്റ് വച്ചുപുലർത്തുന്നത്. വൃത്തിഹീനമായ ശുചിമുറികളും ടോയ്‌ലറ്റുകളും വാഷ്ബേസിനുകളും ജലലഭ്യതക്കുറവും ടെക്നിക്കൽ വിഭാഗങ്ങളിൽ മതിയായ ജീവനക്കാരില്ലാത്തതും പാളത്തിന്റെ സംരക്ഷണമുൾപ്പെടെയുള്ള ജോലികൾ കരാർ തൊഴിലാളികളെ ഏൽപ്പിക്കുന്നതും റെയിൽവേയുടെ പ്രവർത്തനത്തേയും സുരക്ഷയേയും ബാധിക്കുന്നുണ്ട്. ചെറുവത്തൂരിൽ മാവേലി എക്സ്പ്രസിന് തീ പിടിച്ചതിന്റെയും കറുകുറ്റി, കരുനാഗപ്പള്ളി എന്നീ റെയിൽ അപകടങ്ങളുടെയും പശ്ചാത്തലത്തിൽ നിലവിലുള്ള പാളങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റെയിൽവെ എഞ്ചിനീയർമാരുടെ സംഘടന 202 പോയിന്റുകളിൽ കണ്ടെത്തിയ ഗുരുതരമായ വിള്ളലുകൾ അടിയന്തരമായി പരിഹരിക്കുന്നതിനും കാലഹരണപ്പെട്ട കോച്ചുകളും വാഗണുകളും ട്രാക്കുകളും സിഗ്നലിംഗ് സംവിധാനങ്ങളും മാറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. പാത ഇരട്ടിപ്പിക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സമയബന്ധിതമായി

നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളത്തിൽ ഓടുന്ന തീവണ്ടികളിൽ ഹൈടെക് കോച്ചുകൾ ഏർപ്പെടുത്തുക, നിർമ്മാണ ഫാക്ടറികളിൽനിന്നുതന്നെ കോച്ചുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക ക്വാട്ട അനുവദിക്കുക, വനിതകളുൾപ്പെടെയുള്ള യാത്രക്കാരുടെ സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ പുനഃപരിശോധന നടത്തി യാത്രക്കാരുടെ ആശങ്കകൾ പരിഹരിക്കുക, വൈദ്യുതീകരണ-ഗേജ്മാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുക, സർവ്വേ പൂർത്തിയാക്കിയ പാതകളുടെ പണി ആരംഭിക്കുക, പെനിൻസുലാർ സോൺ, വിഴിഞ്ഞം പോർട്ടിനെ ബന്ധിപ്പിച്ച് നേമം റെയിൽവേ സ്റ്റേഷൻ സാറ്റലൈറ്റ് ടെർമിനലായി ഉയർത്തുക, പാലക്കാട് കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുക തുടങ്ങിയ കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങൾക്കൊപ്പം പുതിയ പദ്ധതികൾകൂടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള തീവ്ര ശ്രമമാണ് കേരള സർക്കാർ നടത്തുന്നത്. കേരളത്തിലെ റെയിൽവെ സംവിധാനം സുരക്ഷിതമാക്കുന്നതിനും കേരളത്തിന്റെ ദീർഘകാലമായുള്ള ആവശ്യങ്ങൾ പരിഗണിക്കുന്നതിനും

അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

## X ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചട്ടം 275 പ്രകാരമുള്ള താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

" കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്ക് ഭീഷണിയായി തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ റെയിൽവേ പാതകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും കേന്ദ്ര സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. പഴക്കംചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ അനുവദിക്കണം. ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെ റെയിൽവേയിലെ നിർണ്ണായക തസ്തികകളിൽ നിലവിൽ ഒഴിവുള്ള മൂവായിരത്തോളം തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തേണ്ടതാണ്. റെയിൽവേ

യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകേണ്ടതുണ്ട്. കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതിവൽക്കരണം, സിഗ്നൽ പരിഷ്കരണം, കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികളും നടപ്പാക്കണം. ജില്ലാകേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കേണ്ടതും നമ്മുടെ സംസ്ഥാനം വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് ട്രെയിനുകളിൽ ബയോ ടോയ്‌ലറ്റുകൾ അടിയന്തരമായി ഏർപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. നേമം റെയിൽവേ സ്റ്റേഷൻ സാറ്റലൈറ്റ് ടെർമിനലായി ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

കേരളത്തോടുള്ള റെയിൽവേയുടെ ദീർഘകാല അവഗണന അവസാനിപ്പിക്കണമെന്നും മേൽപ്പറഞ്ഞ ആശങ്കകളും ആവശ്യങ്ങളും അടിയന്തരമായി പരിഹരിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട്

അഭ്യർത്ഥിക്കുന്നു."

ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

(സഭ വൈകുന്നേരം 4.54-ന് പിരിഞ്ഞു.)

******